**രൂഢമല്ലേ? ഇതിനെ എങ്ങനെ അഭിമുഖീകരിക്കാൻ കഴിയും?**

ഭരണകൂടഹിംസയെ എങ്ങനെ നേരിടണം എന്നത് ഇന്ന് ഇന്ത്യയിലെമ്പാടും ഒരു പ്രധാനപ്പെട്ട വിഷയമായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് മധ്യേന്ത്യയിലെ ആദിവാസി മേഖലകളിലും നോർത്ത് ഈസ്റ്റിലും കാശ്മീരിലുമെല്ലാം. ഹിംസാത്മകമായി തന്നെ സ്റ്റേറ്റ് വയലൻസിനെ പ്രതിരോധിക്കാം എന്ന് മാവോയിസ്റ്റുകളെപ്പോലെയുള്ള സായുധസംഘങ്ങൾ കരുതുന്നു. എന്നാൽ അത് അതിലേറെ ദുരിതങ്ങളിലേക്ക് പോകുമെന്നാണ് അവരുടെ അനുഭവങ്ങൾതന്നെ അവർക്ക് വ്യക്തമാക്കിക്കൊടുക്കുന്നത്. പാർശ്വവത്കൃതവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിക്കാനും പരിഹരിക്കാനും ജനാധിപത്യപരമായ മാർഗ്ഗങ്ങൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. ജനങ്ങൾക്ക് രാഷ്ട്രീയാധികാരം ലഭ്യമാക്കുന്നവിധത്തിൽ ജനാധിപത്യത്തെ വികസിപ്പിക്കുകയാണ് വേണ്ടത്. അധികാരത്തെ താഴെതട്ടിലേക്ക് കൊണ്ടുവരണം. ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിലൂടെ മാത്രം നിലനിൽക്കുന്ന ഒരു ജനാധിപത്യമല്ല നമുക്ക് വേണ്ടത്. ഭരണപരമായ പങ്കാളിത്തം ജനങ്ങൾക്കുണ്ടാവുകയാണ് വേണ്ടത്. അതിനുള്ള സാധ്യതകൾ ഇന്ത്യൻ ജനാധിപത്യത്തിലുണ്ട്. ■

# നിരീക്ഷണ ക്യാമറകളല്ല സ്ത്രീസുരക്ഷ

ആപിന്റെ രണ്ടാം വിജയം ഡൽഹിയിലെ ഇടതുവൃത്തങ്ങളിൽ
സൃഷ്ടിച്ച പ്രതിഫലനത്തെക്കുറിച്ച് ഡൽഹി കാമ്പസുകളിലെ സജീവ ഇടത് വിദ്യാർത്ഥി
പ്രസ്ഥാനമായ ഐസയുടെ നേതാവും
ജെ.എൻ.യു മുൻ സ്റ്റുഡന്റ്സ് യൂണിയൻ പ്രസിഡന്റുമായ

**സുചേതാ ഡെ**

**വിദ്യാർത്ഥി പ്രസ്ഥാനം എന്ന നിലയിൽ ഡൽഹിയിലെ രാഷ്ട്രീയ മേഖലയിൽ ഏറെക്കാലമായി ആൾ ഇന്ത്യ സ്റ്റുഡന്റ് അസോസിയേഷൻ (ഐസ) വളരെ സജീവമാണ്. ആം ആദ്മിയുടെ തുടർച്ചയായ രണ്ടാം വിജയത്തെ ഡൽഹി അനുഭവങ്ങളുടെ വെളിച്ചത്തിൽ നിങ്ങൾ എങ്ങനെ നോക്കിക്കാണുന്നു?**

ആം ആദ്മി പാർട്ടിക്ക് ഇപ്പോൾ ഉണ്ടായിരിക്കുന്ന വലിയ വിജയം നരേന്ദ്ര മോദി സർക്കാറിന്റെ പരാജയം കൂടിയായാണ് ഞങ്ങൾ വിലയിരുത്തുന്നത്. കോൺഗ്രസിന് വലിയ തിരിച്ചടിയുണ്ടായി എന്നത് യാഥാർത്ഥ്യമായിരിക്കെ തന്നെ ലോകസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പിയോട് കാണിച്ച താത്പര്യം ഡൽഹിയിലെ ജനങ്ങൾ പിൻവലിച്ചിരിക്കുന്നു എന്നും ഡൽഹിയിലെ ഫലങ്ങൾ വ്യക്തമാക്കുന്നു. മോദി സർക്കാർ 10 മാസം ഭരിച്ചപ്പോഴേക്കും അക്കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനമെടുക്കാൻ ഡൽഹിയിലെ ജനങ്ങൾക്ക് കഴിഞ്ഞു. ലോകസഭ തെരഞ്ഞെടുപ്പിൽ ഡൽഹിയിലെ ഏഴിൽ ഏഴ് സീറ്റും ബി.ജെ.പിക്കാണ് ലഭിച്ചിരുന്നത്. അസംബ്ലിസീറ്റിന്റെ കണക്കുനോക്കുമ്പോൾ അന്ന് അവർ 60 സീറ്റിൽ മുന്നിലായിരുന്നു. അതാണ് 10 മാസത്തിനുള്ളിൽ മൂന്ന് സീറ്റായി ചുരുങ്ങിയത്. കേന്ദ്ര സർക്കാറിനോടുള്ള ഒരു പ്രതികരണം കൂടിയാണത്. മോദി ഭരണം തുടങ്ങിയപ്പോൾ തന്നെ ജനങ്ങൾക്ക് കാര്യങ്ങൾ ബോധ്യമായിരിക്കുന്നു. സ്വച്ഛ് ഭാരത് കാമ്പയിനെല്ലാം പ്രചാരത്തിന് വേണ്ടിയുള്ള അടവുകൾ മാത്രമാണെന്ന് ഡൽഹിയിലെ ജനങ്ങൾക്ക് ബോധ്യം വന്നു. ഇത്തരം തട്ടിപ്പുകൾ നിരന്തരമായി കാണുന്ന ഡൽഹിയിലെ ദരിദ്ര ജനവിഭാഗങ്ങൾ ബി.ജെ.പിയോടും കോൺഗ്രസിനോടും ശക്തമായ ഭാഷയിൽ പ്രതികരിച്ചതാണ് നം കാണുന്നത്.

**ആം ആദ്മി പാർട്ടിയോട് മുമ്പും നിങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാം വിജയം അത്തരം വിയോജിപ്പുകളിൽ എന്തെങ്കിലും പുനഃപരിശോധനകൾക്ക് വഴിതുറക്കുന്നുണ്ടോ?**

ഞങ്ങൾക്ക് ഇപ്പോഴും എ.എ.പിയോട് ശക്തമായ വിമർശനങ്ങൾ ഉണ്ട്. പ്രധാനമായും രണ്ട് കാര്യങ്ങളിലാണ് അത് ചുറ്റിത്തി

രിയുന്നത്. ഒന്ന്, സ്വകാര്യവത്കരണ നയത്തിന്റെ കാര്യവും മറ്റൊന്ന് ലിംഗനീതിയുടെ കാര്യത്തിലും. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ സർവൈലൻസ് ക്യാമറകളാണ് ഏറ്റവും നല്ല മാർഗ്ഗമെന്നാണ് ആം ആദ്മി പാർട്ടിക്കാർ കരുതുന്നുത്. അവർ അത്തരത്തിൽ ഒരുപാട് ക്യാമറകൾ സ്ഥാപിക്കുന്നുമുണ്ട്. സ്വകാര്യതയുടെ മേലെയുള്ള ഇത്തരം ചാരവൃത്തികൾ കൊണ്ടല്ല സ്ത്രീ സുരക്ഷ ഉറപ്പുവരുത്തേണ്ടത്. സ്ത്രീകളോടുള്ള കാഴ്ചപ്പാടിന്റെ പ്രശ്നമാണ് ഇതിൽ പ്രതിഫലിക്കുന്നത്. ആപിന്റെ ആദ്യ മന്ത്രിസഭയിലെ മന്ത്രിയായിരുന്ന സോംനാഥ്ഭാരതി ആഫ്രിക്കൻ യുവതികളെ വംശീയമായി അധിക്ഷേപിച്ച സംഭവം നിങ്ങൾ ഓർമ്മിക്കുന്നുണ്ടാകുമല്ലോ. സോംനാഥ് ഭാരതി ചെയ്തതിനെ പിന്തുണച്ചുകൊണ്ടാണ് അന്ന് ആപ് നേതാക്കന്മാർ രംഗത്തുവന്നത്. അത്തരം നിലപാടുകളിൽ തിരുത്ത് വന്നിട്ടുള്ളതായി ഞങ്ങൾക്ക് ബോധ്യപ്പെട്ടിട്ടില്ല.



സുചേതാ ഡെ

സ്ത്രീസുരക്ഷയ്ക്ക് സർവൈലൻസ് ഒരു പരിഹാരമല്ലെന്ന് പറഞ്ഞുകൊണ്ട് ഐസ ഒരു വലിയ കാമ്പയിൻ ഡൽഹിയിൽ നടത്തിയിരുന്നു. എങ്ങനെയാണ് സ്ത്രീസുരക്ഷ ഉറപ്പുവരുത്തേണ്ടത് എന്ന കാര്യത്തിൽ ഒരു സർവ്വേയും നടത്തിയിരുന്നു. അതിൽ ഉയർന്നുവന്ന ഒരു പ്രധാന നിർദ്ദേശം വിദ്യാഭ്യാസ രംഗത്ത് ലിംഗസമത്വബോധം വളർത്തുക എന്നതായിരുന്നു. ലിംഗസമത്വ ബോധത്തിൽ നിന്നാണ് സ്ത്രീസുരക്ഷയ്ക്ക് വേണ്ടിയുള്ള ആദ്യ പാഠങ്ങൾ തുടങ്ങേണ്ടത്. ഉയർന്ന ജി.ഡി.പി നിരക്കുള്ള ഒരു സംസ്ഥാനമാണ് ഡൽഹി. അതുകൊണ്ടുതന്നെ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യത അവിടെ നിലനിൽക്കുന്നുണ്ട്. എല്ലാ സാമൂഹിക വിഭാഗങ്ങൾക്കും വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ലിംഗസമത്വം ഉറപ്പുവരുത്തേണ്ട ഒരു ദീർഘകാല പദ്ധതിയാണ് ലക്ഷ്യം വയ്ക്കേണ്ടത്. ആ രീതിയിലുള്ള ഒരു കാഴ്ച്ചപ്പാട് ആം ആദ്മി പാർട്ടി ഇതേവരെ മുന്നോട്ട് വച്ചിട്ടില്ല.അഴിമതിക്കെതിരാണ് തങ്ങളുടെ നിലപാടെന്ന് ആപ് പറയുമ്പോഴും അഴിമതിയെക്കുറിച്ചുള്ള അവരുടെ നിർവ്വചനം വളരെ ഉപരിപ്ലവമാണ്. കോർപ്പറേറ്റ് സെക്ടറിലെ അഴിമതിയെക്കുറിച്ച് അവർ ഇപ്പോഴും നിശബ്ദരാണ്. കോർപ്പറേറ്റുകൾക്ക് അനുകൂലമായ നയരൂപീകരണങ്ങൾ അഴിമതിയുടെ ഭാഗം തന്നെയാണ്. മിനിമം കൂലി അസംഘടിതമേഖലയിലെ തൊഴിലാളിക്ക് അനുവദിക്കാതിരിക്കുന്നത് അഴിമതിയുടെ പ്രശ്നമാണ്. ഹെൽപ്പ് ലൈൻ നമ്പർ വഴി സർക്കാർ ഓഫീസുകളിൽ നിലനിൽക്കുന്ന അഴിമതിയുടെ വിഷയം കുറേ പരിഹരിക്കാൻ ആപിന് കഴിഞ്ഞിട്ടുണ്ട് എന്നത് പ്രധാനം തന്നെയാണ്. ആ വസ്തുത അവഗണിച്ചുകൊണ്ടല്ല ഇത് പറയുന്നത്.

ഇത്തരം വിമർശനങ്ങൾ തുടരുമ്പോഴും വർഗീയതെയും അഴിമതിയേയും പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ഇടതുപാർട്ടികളും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ആപിനാണ് വോട്ടുചെയ്തത്. ഞങ്ങൾ ഉൾപ്പെടെ ഏഴ് ഇടതുപാർട്ടികൾ ഒരുമിച്ച് 15 സീറ്റുകളിൽ മത്സരിച്ചിരുന്നു. അതൊഴികെയുള്ള എല്ലാ മണ്ഡലങ്ങളിലും ഞങ്ങൾ ആപിനാണ് വോട്ടുചെയ്തത്.

**കഴിഞ്ഞ തവണത്തേക്കാൾ വോട്ടു കുറഞ്ഞ് ഇടതുപാർട്ടികൾ തീരെ ദുർബലമായിത്തീർന്ന തെരഞ്ഞെടുപ്പ് കൂടിയായിരുന്നല്ലോ ഇത്. എന്താണ് ഡൽഹിയിൽ ഇടതുപക്ഷത്തിന് സംഭവിക്കുന്നത്?**

ഡൽഹിയിൽ ഒരു കാലത്തും ഇടതുപക്ഷം തെരഞ്ഞെടുപ്പിൽ വലിയ മുന്നേറ്റമുണ്ടാക്കിയിട്ടില്ല. തൊഴിലാളി പ്രസ്ഥാനവും വിദ്യാർത്ഥി പ്രസ്ഥാനവും എക്കാലവും ശക്തമായിരുന്നു. ആ വിഭാഗങ്ങൾക്കിടയിൽ നിർണ്ണായകമായ പല സമരങ്ങളും നടത്താൻ ഞങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. അടുത്തിടയ്ക്ക്, ഡൽഹി ബലാത്സംഗത്തെ തുടർന്ന് നടന്ന ലൈംഗീകാതിക്രമങ്ങൾക്കെതിരായ 2013 ഡിസംബർ മാസത്തിലെ വലിയ സമരത്തിൽ ഐസയുടെ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും ജനകീയ മുന്നേറ്റമായി അതിനെ വിപുലപ്പെടുത്താൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഒരുപാട് സമരങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്ന വിധത്തിൽ അത്തരം സമരങ്ങളെ മാറ്റിത്തീർക്കുന്നതിന് ഇടതുപക്ഷ പാർട്ടികൾക്ക് കഴിഞ്ഞിട്ടില്ല. ആം ആദ്മി പാർട്ടി ജനപ്രിയ പ്രഖ്യാപനങ്ങളിലൂടെയും ജനപ്രീതി പിടിച്ചുപറ്റുന്ന രീതിയിലുള്ള പരിപാടികളിലൂടെയും തന്ത്രപരമായി തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലും ഇടപെട്ടു. അതിന്റെ നേട്ടവും അവർക്കുണ്ടായി. ■